LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ക്കുള്ള കൂലി നിശ്ചയിക്കുന്നത് വിപണിയിലെ വ്യതിയാനങ്ങളെ അടിസ്ഥാനപ്പെടുത്തി അതാത് വ്യാപാര കച്ചവട സ്ഥാപനങ്ങൾ തന്നെയാണ്. ഉപഭോക്താക്കൾക്ക് സേവനങ്ങളിൽ അതൃപ്തിയോ പരാതിയോ ഉള്ളപക്ഷം ബന്ധപ്പെട്ട ജില്ലയിലെ കൺസ്യൂമർ കോടതിയിലോ സംസ്ഥാനതല കൺസ്യൂമർ റിഡ്രസ്സൽ ഫോറത്തിലോ പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പീരുമേട് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ

210 (3646) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ പൂട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെ ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യറേഷനും പ്ലാന്റേഷൻ റിലീഫ് ഫണ്ട് മുഖേന ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോട്ടങ്ങൾ തുറക്കാനുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്.

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ പ്ലാന്റേഷൻ റിലീഫ് ഫണ്ട് വഴിയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിൽ ബോണക്കാട് മഹാവീർ പ്ലാന്റേഷനിൽ തൊഴിലാളിക്ക് സൗജന്യറേഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.